**988**

സന്തോഷിപ്പിൻ വീണ്ടും സന്തോഷിപ്പിൻ
സ്വർഗസന്തോഷത്താൽ നിറവിൻ
സർവ്വസമ്പൂർണ്ണനാം നാഥൻ ചെയ്തതാം
നന്മകൾ ധ്യാനിച്ചു സന്തോഷിക്കാം-

1 രക്ഷകനാം പ്രിയന്റെ പാലകൻ യേശുവിന്റെ
നാമമുയർത്തുക നാം നാൾതോറും ആമോദമായ്-എന്നും-

2 പാപത്തിൽനിന്നു നമ്മെ കോരിയെടുത്തു പരൻ
ശാശ്വതമാം പാറയിൽ പാദം നിറുത്തിയതാൽ-എന്നും-

3 ക്രിസ്തുവിൻ കഷ്ടങ്ങളിൽ പങ്കുള്ളോരാകും തോറും
സന്തോഷിപ്പിൻ പ്രിയരേ ആത്മീയഗീതങ്ങളാൽ-എന്നും

4 രോഗങ്ങൾ വന്നിടിലും ഭാരങ്ങളേറിടിലും
സൗഖ്യം പകർന്നു പരൻ സന്തോഷം തന്നതിനാൽ-എന്നും-